(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു; അതിൽ എത്ര പേർ ഇപ്പോൾ ജോലിയിൽ തുടരുന്നു ; ഇപ്പോൾ ഈയിനത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) പ്രസ്തുത റിക്രൂട്ട്മെന്റ് ലിസ്റ്റിൽ നിന്നും നിയമനം കിട്ടാനുള്ള കെ. സുഗതൻ എന്ന ഉദ്യോഗാർത്ഥി ഹൈക്കോടതിയെ സമീപിച്ചിരുന്നോ ; അനുകൂലമായ കോടതി ഉത്തരവ് ഉണ്ടായിട്ടും പ്രസ്തുത വ്യക്തിയുടെ നിയമനം നീളുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിരുന്നു.

(ബി & സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

തീറ്റപ്പുൽ കൃഷി വ്യാപകമാക്കുവാൻ നടപടി

56 [994] ശ്രീ. റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ :
,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷി കുറഞ്ഞതിനാൽ സംസ്ഥാനത്ത് വയ്ക്കോലിന്റെ ലഭ്യത കുറഞ്ഞിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് തീറ്റപ്പുൽ കൃഷി വ്യാപകമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കൃഷിക്കാർക്ക് സഹായധനം നൽകുവാൻ പദ്ധതിയുണ്ടോ ;

(ഡി) ഈ ആവശ്യത്തിലേക്ക് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. വയ്ക്കോൽ സമ്പുഷ്ടരാക്കി ക്ഷീര സഹകരണ സംഘങ്ങൾക്ക് നൽകുന്ന പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്. നടപ്പ് വർഷം 90 ലക്ഷം രൂപയാണ് പദ്ധതിക്ക് അനുവദിച്ചിരിക്കുന്നത്. ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ 18000 കർഷകർക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly